"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- വൈക്കം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- സൂപ്രണ്ടായിരുന്ന ശ്രീ.പ്രദീപ് കുമാർ കെ.യ്ക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2890/2022/LSGD തീയതി,തിരുവനന്തപുരം, 22-11-2022

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.04.2016-തീയതിയിലെ ഇ5-എസ്.സി.03/16/കെറ്റിഎം/10113/2016 നമ്പർ കത്ത്.
2. 06.06.2017 തീയതിയിലെ ഇയു2-154/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. നഗരകാര്യ ഡയറക്ടറുടെ 28.12.2021 തീയതിയിലെ വി1- 15436/2017നമ്പർ കത്ത്.

**ഉത്തരവ്**

വൈക്കം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 16/01/2016- ൽ നടത്തിയ മിന്നൽ പരിശോധനയിൽ, ടി നഗരസഭയിൽ സൂപ്രണ്ടായിരുന്ന ശ്രീ.പ്രദീപ് കുമാർ കെ.,രണ്ടു മാസത്തിലധികം ഒരു നോട്ടീസ് ഡെസ്പാച്ച് ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരുന്നതായി കണ്ടെത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടിന് ടിയാനെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം (2 )പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ.പ്രദീപ് കുമാർ സമർപ്പിച്ച മറുപടി പ്രകാരം, വിജിലൻസ് മിന്നൽ പരിശോധനയിൽ ശ്രീ.രവീന്ദ്രൻ, വടക്കേകളത്തിൽ വീട്, വൈപ്പിൻപടി, വൈക്കം എന്നയാൾ നഗരസഭാ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതും എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് കൈമാറിയതുമായ അപേക്ഷയിൽ ബിൽഡിംഗ് പെർമിറ്റിന്റെ സർട്ടിഫൈഡ് കോപ്പികളില്ലായെന്ന പോരായ്മ അപേക്ഷകനെ അറിയിക്കുന്നതിനായി 30/10/2015- ൽ ടൗൺപ്ലാനിംഗ് സെക്ഷനിലേക്കയച്ചിരുന്നതും ടി ഫയലിൽ കക്ഷിക്ക് നോട്ടീസ് തയ്യാറാക്കി 03/11/2015-ൽ ഒപ്പു വച്ചെങ്കിലും അറിയിപ്പ് കക്ഷിക്ക് അയച്ചുകൊടുക്കാത്ത നിലയിൽ ഫയലിൽ കണ്ടെത്തിയതാണ് ആരോപണമെന്നും, നോട്ടീസ് തയ്യാറാക്കി സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെ ചുമതലയാണെന്നും ശ്രീ.പ്രദീപ് കുമാർ മറുപടി സമർപ്പിച്ചിരിക്കുന്നു. അന്നത്തെ ക്ലാർക്ക് തയ്യാറാക്കിയ നോട്ടീസ് 03/11/2015 ൽ ടിയാന് ലഭിക്കുകയും ആയത് ഒപ്പിട്ട് അപ്പോൾ തന്നെ തിരികെ ഏല്പിച്ചിട്ടുണ്ടെന്നും ഫയൽ കണ്ടെത്തിയത് സൂപ്രണ്ടിന്റെ

കസ്റ്റഡിയിൽ നിന്നാണെന്ന് റിപ്പോർട്ടിലെവിടെയും പരാമർശിക്കുന്നില്ലെന്നും പ്രസ്തുത ദിവസം ടിയാൻ അവധിയിലായിരുന്നുവെന്നും മറുപടിയിൽ പറയുന്നു. പരിമിതമായ ജീവനക്കാരുള്ള ഓഫീസിൽ തിരക്കിട്ട ജോലികൾ നടക്കുന്നതും, ജനകീയാസൂത്രണമുൾപ്പെടെ ഡെലിഗേറ്റ് ചെയ്തു നൽകിയിരുന്നുവെന്നും നികുതിയേതര വരുമാനങ്ങൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ, എഞ്ചിനീയറിംഗ്, ഓഡിറ്റ്, കോടതി കാര്യങ്ങൾ, വായനശാല കൈമാറി കിട്ടിയ സ്ഥാപനങ്ങൾ, വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, കിസ്തുകൾ, വിനോദ നികുതി, പരസ്യ നികുതി, കെട്ടിടങ്ങളുടെ വാടക, വസൂലാക്കേണ്ട മറ്റ് തുകകൾ, ജീവനക്കാരുടെ അച്ചടക്കരാഹിത്യം, ക്രമക്കേടുകൾ എന്നിവയ്ക്കെതിരെ നടപടി, രജിസ്റ്ററുകളുടെ പരിശോധന, അജണ്ട തയ്യാറാക്കൽ, ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി തയ്യാറാക്കൽ, മറ്റ് കുടികാഴ്ചകൾ തുടങ്ങിയ ചുമതലകൾ ടിയാൻ നിർവ്വഹിച്ചു വന്നിരുന്നുവെന്നും മറുപടിയിൽ പരാമർശിക്കുന്നു. ഇതിനു പുറമെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്, വൈക്കത്തഷ്ടമി കച്ചവട ലേലം, തെരഞ്ഞെടുപ്പിനെ തുടർന്നുള്ള സത്യപ്രതിജ്ഞ, ചെയർമാൻ തെരഞ്ഞെടുപ്പ്, തെരഞ്ഞെടുപ്പ് ചെലവുകൾ തയ്യാറാക്കൽ തുടങ്ങിയ അടിയന്തര ജോലികളിൽ നിയോഗിക്കപ്പെട്ടിരുന്നുവെന്നും സൂപ്രണ്ട് എന്ന നിലയിൽ പ്രത്യേക സാഹചര്യം പരിഗണിച്ച് ബോധപൂർവ്വമല്ലാത്ത വീഴ്ച ക്ഷമിച്ച് അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. ഇക്കാര്യത്തിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വൈക്കം നഗരസഭയിലെ ബി.എ നം.32/15-16 രവീന്ദ്രൻ വടക്കേകണ്ടത്തിൽ വീട് എന്ന അപേക്ഷകന്റെ അപേക്ഷ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 30/10/15-ൽ എഞ്ചിനീയറിംഗ് സെക്ഷനിൽ നിന്നും ഓൺലൈൻ അപേക്ഷ ഫാറം ഇല്ല എന്ന് അറിയിച്ചുകൊണ്ട് 30/10/2015- ൽ പ്ലാനിംഗ് സെക്ഷൻ ക്ലാർക്കിന് കൈമാറിയിട്ടുള്ളതായും ആയത് പ്രകാരം അപേക്ഷകനുള്ള അറിയിപ്പ് ഒപ്പു വയ്ക്കുന്നതിനായി 03/11/2015- ൽ സൂപ്രണ്ടിന് ഫയൽ സമർപ്പിച്ചിട്ടുള്ളതായും സൂപ്രണ്ട് 03/11/15 ൽ തന്നെ ആയത് ഒപ്പു വച്ചിട്ടുള്ളതായും കാണുന്നതായും, 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിലെ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട ഫയൽ പ്രകാരം ശ്രീ.രവീന്ദ്രൻ വടക്കേകണ്ടത്തിൽ എന്നയാളുടെ 22/04/2015-ൽ നൽകിയ പെർമിറ്റ് അപേക്ഷ അപര്യാപ്തമായതിനാൽ ഓൺലൈൻ അപേക്ഷയുടെ പൂർണ്ണരൂപം ഹാജരാക്കുവാൻ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ശ്രീ.രവീന്ദ്രൻ അതിൻമേൽ തുടർനടപടിയൊന്നും സ്വീകരിച്ചിരുന്നില്ലായെന്നും അറിയിക്കുന്നു. ഡെസ്പാച്ച് സെക്ഷനിൽ പോകേണ്ട ഫയലുകൾ സൂപ്രണ്ട് ഒപ്പ് വച്ചിട്ട് തിരികെ സെക്ഷൻ ക്ലാർക്കിനെ ഏല്പിക്കുകയാണ് ചെയ്തു വരുന്നതെന്ന് നഗരസഭാ രേഖകളിൽ നിന്നും മനസ്സിലാക്കുന്നതായും, അപാകത പരാമർശിച്ച് എഞ്ചിനീയറിംഗ് സെക്ഷനിൽ നിന്ന് ലഭ്യമായ ഫയലിൽ കക്ഷിക്കുള്ള നോട്ടീസ് സമയബന്ധിതമായി തയ്യാറാക്കി ഒപ്പുവച്ചിട്ടുള്ളതിനാൽ ആയത് അയയ്ക്കുന്നതിൽ വന്ന കാലതാമസമാണ് വിഷയമായിട്ടുള്ളത്. കാലതാമസം വരുത്തിയിട്ടില്ലായെന്ന ടിയാന്റെ അപേക്ഷയും 31/05/2016-ൽ വിരമിച്ച സാഹചര്യവും പരിഗണിച്ച് സൂപ്രണ്ടായിരുന്ന ശ്രീ.എ.പ്രദീപ് കുമാറിനെ തുടർനടപടികളിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്നും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രകാരം സൂപ്രണ്ട് എന്ന നിലയിൽ ശ്രീ.കെ.പ്രദീപ് കുമാർ കൃത്യനിർവ്വഹണം നടത്തിയിട്ടുണ്ടെന്നും സമയബന്ധിതമായി നോട്ടീസ് അപേക്ഷ കക്ഷിക്ക് അയയ്ക്കുന്നതിൽ കാലതാമസമുണ്ടായത് നിമിത്തമാണ് പരാമർശ ആരോപണമുണ്ടായിട്ടുള്ളതെന്നും അനുമാനിക്കാവുന്നതാണ് എന്നും കൂടാതെ ടിയാൻ 31/05/2016 സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ.കെ.പ്രദീപ് കുമാറിനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികൾ ശിക്ഷാ വിധികൾ കൂടാതെ തീർപ്പാക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

5. സർക്കാർ ഇക്കാര്യം , വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ.പ്രദീപ് കുമാർ.കെ ലഭ്യമാക്കിയ മറുപടി, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ ആരോപണവിഷയത്തിൽ ശ്രീ.പ്രദീപ് കുമാർ.കെ-യുടെ ഭാഗത്ത് നിന്നും മനഃപൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ലായെന്ന ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ വൈക്കം നഗരസഭയിൽ നടന്ന വിജിലൻസ് പരിശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിൽ സൂപ്രണ്ടായിരുന്ന ശ്രീ.പ്രദീപ് കുമാർ കെ.യ്ക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.പ്രദീപ് കുമാർ.കെ, സൂപ്രണ്ട്, വൈക്കം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന) .
വിജിലൻസ് വകുപ്പ് (27.10.2022 തീയതിയിലെ VIG-D1/286/2022-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 22-11-2022 15:55:47**
സെക്ഷൻ ഓഫീസർ